## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2865

20.03.2015 – ൽ മറുപടിയ്ക്ക്

## കയർ തൊഴിലാളികൾക്ക് തൊഴിൽ

| ചോദ്യം<br>ശ്രീ.എളമരം കരീം | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി |
|---|---|
| എ) ഭൂരിപക്ഷം കയർ തൊഴിലാളികൾക്കും തൊഴിൽ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി)കയർ തൊഴിലാളികൾക്ക് ജോലി നൽകാൻ നടപടി കൈക്കൊള്ളുമോ; | (എ)&(ബി) കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനും മേഖലയെ സംരക്ഷിച്ചുപോരുന്നതിനും ഉതകുന്ന ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 300/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഉല്പന്ന മേഖലയിലെ കുറഞ്ഞ കൂലി 360/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. കയർ മേഖലക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പുതിയ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു. ഈ പദ്ധതി പ്രകാരം, കയർ തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരതയും അതുവഴി മെച്ചപ്പെട്ട വരുമാനവും ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നതാണ്. കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം വർദ്ധിപ്പിച്ചു നൽകിയതു മൂലം ഉല്പാദന |

| | |
|---|---|
| | പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും സംഘങ്ങൾക്കായിട്ടുണ്ട്. |
| സി) കയർ മേഖലയെ പുനരുദ്ധരിക്കാൻ എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു ണ്ടോ? | സി) കയർ മേഖലയെ പുനരുദ്ധരിക്കാൻ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. ചകിരിയുടെ ദൗർലഭ്യവും അടിക്കടിയുള്ള വില വർദ്ധനവും കയർ മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ഈ പ്രതിസന്ധി പ രിഹരിക്കു ന്നതിനും കയർ മേഖലക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പ ദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തി ഒരു പുതിയ പദ്ധതി ക്കും നാളികേര വികസന ബോർഡു മായിട്ടുള്ള ഒരു പ്രോജക്റ്റിനും സർക്കാർ അംഗീകാരം നൽ കിയിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ ചകിരി സംഭരിച്ച് കയർ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ നൽകാൻ കയർഫെഡിന് 2013–14 വർഷം 4,86,20,000/- രൂപ സർക്കാർ നൽകി. പ്രവർത്തനക്ഷമമായ എല്ലാ സംഘങ്ങൾക്കും റിവൈവൽ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം, സ്ഥിരമൂലധനം എന്നിവ 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ അനുവദിച്ചു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 300/- രൂപയാ യി വർദ്ധിപ്പിച്ചിട്ടുണ്ട്. ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 360/- രൂപയായും, വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ, ചകിരി ഉല്പാദക സംഘങ്ങളെ പു നരുദ്ധരിക്കുന്നതി നുള്ള നടപടികളും സ്വീകരിച്ചു വരുന്നു. അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരവും സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു.<br><br>കയർ മേഖലയെ സംരക്ഷിച്ചു നില നിർത്തുന്നതിനായി താഴെ പറയുന്ന പദ്ധതികൾ 2014–16 വർഷത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>1) കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി |

| | |
|---|---|
| | തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിക്കും. നാളികേര വികസന ബോർഡുമായി ചേർന്ന് തൊണ്ട് സംഭരണ ഡീഫൈബറിംഗ് പ്രോജക്റ്റ് നടപ്പിലാക്കി ചകിരിയുടെ ലഭ്യത ഉറപ്പാക്കും<br><br>2) കയർമേഖലകളിൽ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സെമി ആട്ടോമാറ്റിക് ന്യൂമാറ്റിക് തറികൾ, വില്ലോയിംഗ് മെഷീൻ, ഇലക്ട്രോണിക് റാട്ടിന്റെ പരിഷ്കരിച്ച മോഡൽ എന്നിവ വികസിപ്പിക്കും.<br><br>3) കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കും.<br><br>4) കയർ മേഖലകളിൽ ഉൽപ്പാദനവും തൊഴിൽ ദിനവും വർദ്ധിപ്പിക്കുന്നതിനായി കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകും.<br><br>5) കയർമേഖലയിലെ തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി സംഘങ്ങൾക്ക് വർക്ക്ഷെഡ്, ടോയ്ലറ്റ്, ആധുനിക പണിസാമഗ്രികൾ എന്നിവ നൽകും.<br><br>6) ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ, കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തനമാരംഭിക്കും. |

സെക്ഷൻ ഓഫീസർ